Malappuram District Police

## 23/11/2017 അരീക്കോട്

വീട്ടമ്മ വെട്ടേറ്റ് മരിച്ച കേസിൽ ഭർത്താവിന്റെ അറസ്റ്റ് രേഖപ്പെടുത്തി. പുളിയക്കോട് പുലാട്ട് വീട്ടിൽ ടി. ഖദീജ (45) കൊല്ലപ്പെട്ട കേസിലാണ് ഭർത്താവ് തവളംകുഴിയിൽ ഉലാംഅലി (52) അറസ്റ്റിലായത്. വെള്ളിയാഴ്ച മഞ്ചേരി കോടതിയിൽ ഹാജരാക്കും. ഉലാം അലിയുടെ നാലാമത്തെ ഭാര്യയാണ് ഖദീജയെന്ന് പറയുന്നു. നിലവിൽ ഖദീജ മാത്രമാണ് കൂടെയുണ്ടായിരുന്നത്. കടുത്ത സംശയരോഗിയായ ഉലാം അലി വീട്ടിലെത്തി പ്രശ്നങ്ങളുണ്ടാക്കുന്നത് പതിവായിരുന്നു. വീട്ടിൽ നിന്ന് മാറിത്താമസിച്ചിരുന്ന ഉലാമിനെ നാട്ടുകാരിടപെട്ടാണ് വീട്ടിലേക്ക് തിരിച്ചുകൊണ്ടുവന്നത്.